**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2054** **14-10-2024 - ൽ മറുപടിയ്ക്ക്**

**എസ്.പി.സി. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിൽ താഴെ പറയുന്ന 6 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br>1. എബനേസർ എച്ച് എസ് മൂവാറ്റുപുഴ.<br>2. ജി എച്ച് എസ് എസ് സൌത്ത് വാഴക്കുളം.<br>3. ഗവ എച്ച് എസ് എസ് കടയിരുപ്പ്.<br>4. സെന്റ് ജോർജ് എച്ച് എസ് എസ് വെണ്ണിക്കുളം.<br>5. സെന്റ് ജോസഫ് എച്ച് എസ് എസ് കിഴക്കമ്പലം.<br>6. സെന്റ് പീറ്റേഴ്സ് വി എച്ച് എസ് എസ് കോലഞ്ചേരി. |
| (ബി) | ഈ സർക്കാർ വന്നശേഷം എത്ര സ്കൂളുകളിൽ പുതുതായി എസ്.പി.സി. പദ്ധതി നടപ്പാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ 197 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പുതുതായി നടപ്പാക്കിയിട്ടുണ്ട്. |
| (സി) | എസ്.പി.സി. പദ്ധതി നടപ്പാക്കുവാൻ വേണ്ടി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്നതിനു അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡം വിവരിച്ചു കൊണ്ട് 29.08.2024-ൽ പോലീസ് ആസ്ഥാനത്തു നിന്നും നം.C2-126651/2023/PHQ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട് . ആയതു അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | നിലവിൽ എസ്.പി.സി. പദ്ധതിക്ക് വേണ്ടി കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ടെന്നും | (ഡി) | നിലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കായി കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഏതെല്ലാം സ്കൂളുകളിൽ നിന്നാണെന്നും വ്യക്തമാക്കാമോ; | | 1. രാജർഷി മെമ്മോറിയൽ എച്ച്.എസ്.എസ്, വടവുകോട്.<br><br>2 .സെന്റ് മേരീസ് എച്ച്.എസ്.എസ്, മോറക്കാല. |
| (ഇ) | പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ഇ) | സംസ്ഥാനത്തെ സ്കൂളുകളിൽ എസ്.പി.സി യൂണിറ്റുകൾ അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ സൂക്ഷ്മപരിശോധന എസ്.പി.സി ഡയറക്ടറേറ്റിൽ നടന്നു വരുന്നു. |
| (എഫ്) | അപേക്ഷകൾ പരിശോധിച്ച് എസ്.പി.സി. പദ്ധതി നടപ്പാക്കുവാൻ അർഹമായ സ്കൂളുകളിൽ വേഗത്തിൽ പദ്ധതി നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | സംസ്ഥാനത്തെ സ്കൂളുകളിൽ എസ്.പി.സി യൂണിറ്റുകൾ അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ സൂക്ഷ്മപരിശോധന എസ്.പി.സി ഡയറക്ടറേറ്റിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

**POLICE** **DEPARTMENT**

**KERALA**

**No. C2-126651/2023/PHQ**
Police Headquarters,
Thiruvananthapuram
phq.pol@kerala.gov.in
04712721547
Dated. 29-08-2024

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി**

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലേക്ക് അർഹരായ സ്കൂളുകളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു

കേരള സർക്കാരിനെ പ്രതിനിധീകരിച്ച് പോലീസ് വകുപ്പ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കാൻ താൽപ്പര്യമുള്ള സർക്കാർ, സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറം കേരളാ പോലീസിൻറെ ഔദ്യോഗിക വെബ് സൈറ്റ് ആയ www.keralapolice.gov.in നിന്നും ഡൗൺലോഡ് ചെയ്ത് സ്കൂൾ പ്രധാനാദ്ധ്യാപകൻ/പ്രാധാനാദ്ധ്യാപിക കൃത്യമായി പൂരിപ്പിച്ച് **13.09.2024 തിയതി വൈകുന്നേരം 5** മണിയ്ക്കകം spcprogramme.pol@kerala.gov.in എന്ന ഇ-മെയിൽ മുഖേന എസ്.പി.സി ഡയറക്ടറേറ്റിലും, ആയതിൻറെ അസ്സലും അനുബന്ധ രേഖകളും പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസിൽ നേരിട്ടും സമർപ്പിക്കേണ്ടതാണ്.

അപേക്ഷ ഫോറത്തിന്റെ കൂടെയുള്ള അനുബന്ധം (I), (II)& (III) എന്നിവ നിർബന്ധമായും പൂരിപ്പിച്ച് അപേക്ഷയുടെ കൂടെ ഉള്ളടക്കം ചെയ്യേണ്ടതാണ്. കൂടാതെ അപേക്ഷയുടെ പകർപ്പ് അനുബന്ധം (IV) സഹിതം അതാത് പോലീസ് സ്റ്റേഷനിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്. അപേക്ഷയുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും **13.09.2024 തിയതി വൈകുന്നേരം 5 മണിക്കകം** പൂർത്തീകരിക്കേണ്ടതാണ്. വൈകിയതും അപൂർണ്ണവുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

എസ്.പി.സി പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഹൈസ്കൂൾ വിഭാഗത്തിൽ കുറഞ്ഞത് 500 വിദ്യാർത്ഥികളും, പദ്ധതിയിൽ പ്രവേശനം നടത്തുന്ന 8-ാം ക്ലാസ്സിൽ കുറഞ്ഞത് 100 വിദ്യാർത്ഥികളും നിർബന്ധമായും ഉണ്ടായിരിക്കണം. അധ്യാപക-രക്ഷാകർത്തൃ സമിതി സജീവമായി പ്രവർത്തിക്കുകയും, ശിശു സൗഹാർദ്ദപരമായ മനോഭാവവും സന്നദ്ധതയും ഉള്ള 02 ഹൈസ്കൂൾ സ്ഥിരാധ്യാപകരെ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ, അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ എന്നീ തസ്തികകളിൽ സ്കൂളിൽ പദ്ധതി പ്രവർത്തനങ്ങൾ നയിക്കുന്നതിനായി നിയോഗിക്കേണ്ടതും, ടി അദ്ധ്യാപകർ 50 വയസ്സിൽ താഴെയുള്ളവരും, ശാരീരിക മാനസിക ക്ഷമതയുള്ളവരും എസ്.പി.സി പദ്ധതിയുടെ പരിശീലന പരിപാടികളിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവരും ആയിരിക്കണം. പെൺകുട്ടികൾ അപേക്ഷകരായുള്ള സ്കൂളുകളിൽ പദ്ധതി നയിക്കുന്നതിന് തിരഞ്ഞെടുക്കപ്പെടുന്ന കമ്മ്യൂണിറ്റി പോലീസ് ഓഫീസർ, അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ എന്നിവരിൽ ഒരാൾ വനിതയായിരിക്കണം. കായികക്ഷമത പരിശീലനത്തിനുള്ള ഗ്രൗണ്ട്, എസ്.പി.സി ഓഫീസ് സജ്ജീകരിക്കുന്നതിനുള്ള മുറി, കേഡറ്റുകൾക്ക് എസ്.പി.സി യൂണിഫോം, പി.റ്റി ഡ്രസ്സ് എന്നിവമാറാൻ സൗകര്യപ്രദവും അടച്ചുറപ്പുള്ളതുമായ മുറി, മറ്റ് അവശ്യ സൗകര്യങ്ങൾ എന്നിവനിർബന്ധമാണ്.

അതാത് എസ്.എച്ച്.ഓ മാരും ജില്ലാ നോഡൽ ഓഫീസർമാരും പ്രസ്തുത അപേക്ഷകൾ

പരിശോധിച്ച് അപേക്ഷയിൽ പ്രതിപാദിച്ചിരിക്കുന്ന വസ്തുതകൾ ശരിയാണോ എന്ന് നേരിട്ട് അന്വേഷിക്കുന്നതാണ്.

**എസ്.പി.സി പദ്ധതി അനുവദിക്കുന്നതിനായി ഇതുവരെ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ കാലാവധി അവസാനിച്ചതിനെ തുടർന്ന് ഒഴിവാക്കിയതിനാൽ, പ്രസ്തുത സ്കൂളുകൾ പുതുതായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

അപേക്ഷയിൽ പ്രതിപാദിച്ചിരിക്കുന്ന വസ്തുതകളും അവകാശവാദങ്ങളും തെറ്റാണെന്ന് അന്വേഷണത്തിൽ ബോധ്യപെടുന്ന പക്ഷം പ്രസ്തുത സ്കൂളിനെ എസ്.പി.സി പദ്ധതിയിലേക്ക് പരിഗണിക്കുന്നതല്ല.

അപേക്ഷാ ഫോം പൂരിപ്പിക്കുന്നതുമായും എസ്.പി.സി പദ്ധതിയുമായും ബന്ധപ്പെട്ട സംശയ നിവാരണത്തിനായി എസ്.പി.സി ഡയറക്ടറേറ്റിലെ **04712432655** എന്ന ഫോൺനമ്പറിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

SHAIK DARVESH SAHEB IPS
State Police Chief

iAPS

C2-126651/2023/PHQ

856481